# വിസ്മയകാഴ്ചകൾ - 2

**ലേഖനം**

**ബാബുരാഗലയം**

## ഗുഹാമുഖങ്ങളിലാരംഭിച്ച സർഗോത്സവം

സ്വപ്നങ്ങൾ ഭൂതകാലത്തിന്റെ പുനരാവിഷ്കാരമാണ്. ഭൂതകാലദൃശ്യങ്ങളിൽ ഭാവനയും സർഗാത്മകതയും ചില നിറക്കൂട്ടുകൾ ചേർക്കുന്നു. സ്വപ്നത്തിന്റെ നിറഭേദങ്ങൾ, വിഭ്രാത്മകത, ചടുലത ഇവയൊക്കെ ഈ മാന്ത്രിക കൂട്ടിനെ ആശ്രയിച്ചിരിക്കുന്നു. ഓരോ നിമിഷവും പൊലിയുന്ന കാഴ്ചകൾ ഭൂതകാലത്തിന്റെ പിടിയിലമരുന്നു. മനസ്സിന്റെ ഹാർഡ് ഡിസ്കിൽ ഇവ ആലേഖനം ചെയ്യപ്പെടുമ്പോൾ പിന്നീട് ആവശ്യമുള്ളതോ അല്ലയോ എന്ന് വേർതിരിക്കുന്നതാരാണ് ? ഓരോ സാഹചര്യങ്ങളിലും ഈ കാഴ്ചകൾ യുക്തിസഹമായ പാരസ്പര്യത്തോടെ പുന:സൃഷ്ടിക്കുന്നതാരാണ് ? മെമ്മറി റീകോളിംഗ് അത്ഭുതകരമായ ഒരു പ്രതിഭാസമാണ്. ഇന്ന് അത്യാധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് ഈ പ്രക്രിയയുടെ ദുരൂഹത ചുരുളഴിയുന്നുണ്ട്. ആന്തരിക സ്രവങ്ങളും പ്രോട്ടീനുകളും വൈറ്റമിനുകളും ചേർന്ന് നടത്തുന്ന ഈ അത്ഭുത രസതന്ത്രം ഇന്ന് ഒട്ടൊക്കെ വിജ്ഞാനമായി മാറിക്കഴിഞ്ഞു. ആന്തരിക സ്രവങ്ങൾ മനുഷ്യ മനസ്സിനുണ്ടാക്കുന്ന ഇടർച്ചകൾ എന്നും ആശങ്കാജനകമായിരുന്നു. ഭൂതകാലത്തിന്റെ പിടിയിൽപ്പെടാതെ ഇഷ്ടകാഴ്ചകൾ സൂക്ഷിക്കുവാനുള്ള മനുഷ്യാഭിലാഷം ഉല്പത്തിനാൾ തൊട്ടേ അവനുണ്ടായിരുന്നിരിക്കണം.



*ആദിമജീവൻതുടിപ്പുകളിലെ മനുഷ്യ സാന്നിദ്ധ്യം*



*ഇന്തോനേഷ്യയിലെ ബോർണിയോ ഗുഹാചിത്രം (നാൽപ്പതിനായിരം വർഷം പഴക്കമുള്ളത്)*

കാലത്തിന്റെ പിടിയിലമർന്നു പോകുന്നവയെ മറവിയുടെ മൂടൽമഞ്ഞ് പുതപ്പണിയിക്കുമ്പോൾ ദുരന്തം പൂർത്തിയാകുന്നു. ഇഷ്ടക്കാഴ്ചകൾ മറവിയുടെ ഇരുമ്പുമറയ്ക്കപ്പുറമായി പോകുന്ന ദുരന്തം അതിജീവിക്കുവാനാണ് മനുഷ്യൻ കാണുന്നവയെ വരയ്ക്കുവാൻ ശ്രമിച്ചത്. ഗുഹാജീവിയായിരുന്ന കാലം തൊട്ട് മനുഷ്യൻ ഈ ശ്രമം ആരംഭിച്ചതായി ചരിത്രരേഖകൾ തെളിയിക്കുന്നു.

## കാപ്പഡോഷ്യയിലെ ചുണ്ണാമ്പുഗുഹകൾ

തുർക്കിയിലെ കാപ്പഡോഷ്യപ്രദേശത്തുള്ള ചുണ്ണാമ്പുപാറകൾ മനുഷ്യരുടെ ഗുഹാജീവിതത്തിന്റെ തിരുശേഷിപ്പാണ്. തുർക്കി എന്നു കേൾക്കുമ്പോൾ, മനസ്സിൽ ആദ്യമെത്തുന്നത് 'ഓർഫാൻ പാമുക്' എന്ന പേരാണ്. പ്രശസ്ത തുർക്കി നോവലിസ്റ്റ്.




തുർക്കി പകൽ കിനാവുകളുടെ നാടാണോ ? ഒർഫാൻ പാമുക്കിന്റെ നോവലുകൾ വായിക്കുമ്പോൾ അങ്ങനെ സംശയം തോന്നും.

തുർക്കിയുടെ പ്രകൃതി ഭംഗി പകൽക്കിനാദൃശ്യങ്ങൾ പോലെ മാസ്മരികമാണ്. തുർക്കി ചലച്ചിത്രങ്ങളിലും ഈ ദൃശ്യങ്ങളുടെ മനോഹാരിത കാണാം. 'പകൽ കിനാവിന്റെ ചീളുകൾ കൊണ്ടാണ് ഞാൻ നോവൽ തീർക്കുന്നതെന്ന്" ഒർഫാൻ പാമുക് 'Other Colours' എന്ന ആത്മകഥാംശമുള്ള പുസ്തകത്തിൽ പറയുന്നു.



*കാപ്പഡോഷ്യ - നിശാചിത്രം*

കാപ്പഡോഷ്യ പ്രദേശത്തെ ചുണ്ണാമ്പു പാറകളും അവയിലെ ഗുഹകളും ലോക പൈതൃക ലിസ്റ്റിൽ ഉൾപ്പെടുന്നു. ഉദ്ദേശം 9 ലക്ഷം വർഷങ്ങൾക്കു മുമ്പ് രൂപം കൊണ്ടതാണ് ഈചുണ്ണാമ്പു പാറകൾ. ഈ പാറകൾ തുരന്നാണ് ആദിമ തുർക്കികൾ ഗുഹാമുഖ പാർപ്പിടങ്ങൾ പണിതത്. ആദിമ ജീവിതം തുടികൊട്ടിയ ഈ ഗുഹകൾ പലതും ഇന്ന് പഞ്ചനക്ഷത ഹോട്ടലുകളാണ്. ലോകത്തെമ്പാടുനിന്നുമുള്ള നിരവധി ടൂറിസ്റ്റുകൾക്ക് അവ സുഖവാസമൊരുക്കുന്നു.



*കാപ്പഡോഷ്യ - ഗുഹാമുഖങ്ങൾ*



*ചുണ്ണാമ്പുപാറകളിലെ പഞ്ചനക്ഷത്രഹോട്ടൽ*



*അജന്തഗുഹാമുഖം*

നമ്മുടെ അജന്ത എല്ലോറ ഗുഹകകളും യൂന സ്കോയുടെ ലോക പൈതൃക ലിസ്റ്റിൽ ഉൾപ്പെ ട്ടതാണ്. മഹാരാഷ്ട്രയിലെ പശ്ചിമഘട്ട മലനിര യിലെ ചെങ്കുത്തായ പാറകളിൽ തീർത്ത ഈ ഗുഹകൾ ലോകശ്രദ്ധ പിടിച്ചുപറ്റിയ ടൂറിസ്റ്റ് കേന്ദ്ര ങ്ങളാണ്. ഈ ഗുഹകൾക്കുള്ളിലെ ബുദ്ധവിഗ്ര ഹങ്ങൾ, ഇവ ഒരുകാലത്ത് ബുദ്ധദേവാലയങ്ങൾ ആയിരുന്നു എന്ന് സൂചിപ്പിക്കുന്നു. എന്നാൽ ജൈന ഹിന്ദു ശില്പ, ചിത്രകലകളുടെ സ്വാധീനം ഇവയിലെ ഗുഹാശില്പങ്ങളിലും ചുവർചിത്രങ്ങളിലും കാണാം. രതിശില്പങ്ങളും നിറംമങ്ങാത്ത ചുവർചിത്രങ്ങളും ഈ ഗുഹാന്തർമുഖങ്ങളെ ചേതോഹരമാക്കുന്നു.



*നൂറ്റാണ്ടുകളെ വിസ്മയത്തിലാഴ്ത്തിയ രതിസുഖസാരെ*



*അജന്ത, എല്ലോറ- രതിശില്പങ്ങൾ*

## ഫോർത്ത് ഡൈമൻഷൻ

"അയാൾ കഥ എഴുതുകയാണ്" എന്ന ശ്രീനിവാസൻ ചലച്ചിത്രത്തിന്റെ തല ക്കെട്ട് ആരും മറക്കുവാനിടയില്ല. ഈ തലക്കെട്ട് അല്പമൊന്നു മാറ്റാം. "അയാൾ കഥ എഴുതിക്കൊണ്ടിരിക്കുകയാണ്. ഈ രണ്ട് പ്രസ്താവനകളും അയാളുടെ "എഴുത്ത്" എന്ന പ്രവൃത്തിയെ വർത്തമാനകാല യാഥാർത്ഥ്യത്തിൽ ഉറപ്പിച്ചു നിർത്താ നുള്ള ശ്രമമാണ്. 'എഴുതുകയാണ്' എന്ന് പ്രസ്താവിക്കുമ്പോൾ ആ പ്രവൃത്തിക്ക് ഒരു തുടർച്ചയുണ്ടോ എന്ന സന്ദേഹം. അതുകൊണ്ട് ഭാവികാലത്തേക്കും പ്രവൃത്തി നീളുമെന്ന ഒരു ഉറപ്പിനാണ് രണ്ടാമത്തെ പ്രസ്താവന. പക്ഷേ "അയാൾ" എന്ന വാക്ക് എഴുതിയ നിമിഷങ്ങളെ പിന്തള്ളി "എഴുതുകയാണ്" എന്ന് എഴുതുന്ന നിമിഷ ങ്ങൾ വന്നു കഴിഞ്ഞു. "അയാൾ" എന്ന വാക്ക് നിമിഷങ്ങൾക്കപ്പുറുമുള്ള ഭൂതകാല ത്തിന്റെ പിടിയിലമർന്നു. എല്ലാത്തിനേയും തന്റെ പിടിയലമർത്തുന്നതുകൊണ്ടാവണം കഴിഞ്ഞ കാലത്തിന് "ഭൂതം" എന്ന് പേരിടാൻ കാരണമെന്ന് തോന്നാറുണ്ട്.

(വ്യാകരണകാരൻ ക്ഷമിക്കട്ടെ !) എഴുത്തുകാരനെ സംബന്ധിച്ച് കാലം ഒരു വെല്ലു വിളിയാണ്. സദാ ഭൂതകാലത്തേക്കു നോക്കുന്നവൻ എന്നൊരു പരാമർശം എഴുത്തു കാരനെക്കുറിച്ചുണ്ടുതാനും. കാലവുമായുള്ള എഴുത്തുകാരന്റെ സംഘർഷമാണ് കാലത്തെ അതിജീവിക്കുന്ന ഉദാത്ത സൃഷ്ടികൾക്ക് കാരണമായത്.

പ്രകൃതി മനുഷ്യന് ചുറ്റും ഒരുക്കുന്ന കാഴ്ചകൾക്ക് ആവർത്തനമില്ല എന്ന തും ചിത്രീകരണത്തിനുള്ള അവന്റെ വ്യഗ്രതയെ ത്വരിതമാക്കി. ഒരു ഉഷ സന്ധ്യയും മറ്റൊന്നിന്റെ ആവർത്തനമല്ല. ഒരു സായന്തനത്തിലെ മേഘകാഴ്ച മറ്റൊരു സന്ധ്യ യിൽ ആവർത്തിക്കുന്നില്ല. കാർമേഘകൂട്ടത്തിനിടയിൽ നിന്ന് ചിലപ്പോൾ എത്തിനോ ക്കുന്ന ചുവന്ന സൂര്യൻ; ചിലപ്പോൾ അദ്ദേഹം വെള്ളിമേഘങ്ങളെ നിറപ്പെടുത്തി കൊണ്ടേയിരിക്കും. ഒരു മേഘത്തുണ്ടു പോലുമില്ലാത്ത ചക്രവാളത്തിന് മഞ്ഞയും ചുവപ്പും നിറങ്ങൾ പകർന്ന് അദ്ദേഹം യാത്രയായെന്നുമിരിക്കും. പ്രകൃതിദൃശ്യങ്ങ ളൊന്നും ആവർത്തിക്കുന്നില്ല എന്നതും കലാകാരന്റെ വേവലാതികളിൽ ഉൾച്ചേരു ന്നു. കാണുന്നവ ചിത്രീകരിക്കുവാനും ശില്പങ്ങളായി സൂക്ഷിക്കുവാനുമുള്ള സർഗ ശക്തി മനുഷ്യന്റെ പരിണാമപ്രക്രിയയിൽ വർദ്ധിച്ചു വന്നുകൊണ്ടിരുന്നു. ഈ പരി ണാമത്തിലുണ്ടായ ചില മ്യൂട്ടേഷൻസ് ഡാവാഞ്ചിയേയും പിക്കാസോസെയും വാൻഗോഗിനെയും രാജരവിവർമ്മയെയും സൃഷ്ടിച്ചു. സാങ്കേതിക വിദ്യ വളർന്ന പ്പോൾ ശില്പകലയും ചിത്രകലയും കൂടാതെ ഫോട്ടോഗ്രാഫിയും ചിത്രീകരണ ത്തിനുള്ള മാധ്യമമായി. നിശ്ചലതയിൽ നിന്നും ചലനാത്മക ചിത്രങ്ങളിലേക്കു മാറി യപ്പോൾ സിനിമ ജന്മം കൊണ്ടു. സാങ്കേതകജ്ഞാനത്തിന്റെ വിസ്ഫോടനം നിര വധി നൂതന മാധ്യമങ്ങൾക്കു വഴിത്താരമൊരുക്കി. ചിത്രകലയും ശിലപ്കലയും നേർകാഴ്ചയുടെ പ്രതിരൂപങ്ങളല്ല സൃഷ്ടിച്ചത്. ശില്പിയുടെയും ചിത്രകാരന്റെയും സർഗാത്മകത പ്രതിരൂപങ്ങളിൽ അലിഞ്ഞുചേർന്നപ്പോൾ പുതുദൃശ്യങ്ങൾ രൂപം കൊള്ളുകയാണുണ്ടായത്. എന്നാൽ ദൃശ്യങ്ങളുടെ തനതുകൾ സൃഷ്ടിക്കുവാൻ ഫോട്ടോഗ്രാഫിക്കു കഴിഞ്ഞു. എങ്കിലും സർഗധനരായ ഫോട്ടോഗ്രാഫർമാരുടെ ക്ലിക്കു കളിൽ നിഴലും വെളിച്ചവും മാന്ത്രികത ചേർത്തപ്പോൾ അവയും ഭാവതീവ്രമായ രച നകളായി പരിണമിച്ചു.

ഫോട്ടോഗ്രാഫിയുടെ ചരിത്രം അന്വേഷിക്കുന്നവർ എത്തുന്നത് നാലാം നൂറ്റാണ്ടി ലെ ചൈനീസ്ഫിലോസഫർ “മോടൈ”, ഗ്രീക്ക് ചിന്തകരായ അരിസ്റ്റോട്ടിൽ എന്നി വരിലാണ്. ഇവരുടെ വിവരണങ്ങളിൽ സുഷിര ക്യാമറയുടെ പ്രവർത്തന തത്വത്തിന്റെ പരാമർശമുണ്ട്. ഒരു ചെറു സുഷിരത്തിലൂടെ ഒരു പെട്ടിയിലേക്ക് പ്രവേശിക്കുന്ന പ്രകാശ വീചി തലകീഴായ ഒരു പ്രതിബിംബം സൃഷ്ടിക്കുന്നു എന്നതാണ് ഈ തത്വം. “ക്യാമറ ഒബ്സ്ക്യൂറ’ എന്ന് ഈ ജ്ഞാനത്തെ ഫോട്ടോഗ്രഫി എന്ന് പിന്നീട് ചരിത്രം അടയാളപ്പെടുത്തി.



*നൈപ്സ്, ഡാഗ്യൂരൈ*

ക്യാമറകളിൽ പ്രതിബിംബം പതിക്കുവാൻ ആദ്യം ഉപയോഗിച്ചിരുന്നത് സിൽവർ നൈട്രേറ്റ് പൂശിയ മെറ്റൽ പ്ലേറ്റുകളായിരുന്നു. പിന്നിട് പേപ്പ റിൽ സിൽവർ ക്ലോറൈഡ് പൂശി പരീക്ഷിക്ക പ്പെട്ടു. ഈ പരീക്ഷണങ്ങൾ നടത്തിയിരുന്ന നൈപ്സ്, ഡാഗ്യൂരൈ എന്നിവരുടെ പ്രവർത്ത നങ്ങൾ ഫ്രഞ്ച് അക്കാഡമി ഓഫ് സയൻസിൽ 1935 അവതരിപ്പിച്ചു. നൈപ്സിന്റെ മകനും ഡാഗ്യുരൈയും ചേർന്ന് പ്രതിബിംബം ആലേ ഖനം ചെയ്യുന്ന ഫോട്ടോഗ്രാഫിക് പ്രതലത്തിന്റെ രസതന്ത്രം 1939-ൽ ലോകത്തി നായി സമർപ്പിച്ചു.



*ജോർജ്ജ് ഈസ്റ്റ്മാൻ*

ഇന്ന് ഉപയോഗിക്കുന്ന ഫോട്ടോഗ്രാഫിക് ഫിലിമിന്റെ രസ തന്ത്രം വികസിപ്പിച്ചത് ജോർജ്ജ് ഈസ്റ്റ്മാനാണ്. 1907 ൽ കളർ ഫോട്ടോഗ്രാഫിയുടെ ആരംഭമായി. കളർഫോട്ടോ ഗ്രാഫിക്കുള്ള ആദ്യകാല പ്രതലം ഓട്ടോക്രോം പ്ലേറ്റ് ആയിരു ന്നു. പിന്നീട് വ്യാവസായിക അടിസ്ഥാനത്തിൽ കോഡാക്രോം കളർ ഫിലിമുകൾ നിർമ്മിച്ചു തുടങ്ങി.

**ചില പ്രേത ചിത്രങ്ങൾ**

ആദ്യകാല ഫോട്ടോ പ്ലേറ്റുകളിൽ പ്രതിബിംബം പതിയുന്നതിനുള്ള രാസപ്ര ക്രിയ ദൈർഘ്യമേറിയതായിരുന്നു. പ്രതിബിംബം പൂർണ്ണമായി പതിയുന്നതിനുമുമ്പ് തയ്യാറാക്കിയ പ്ലേറ്റുകളിൽ ചില ബിംബങ്ങളുടെ ചിത്രം വ്യക്തമല്ലായിരുന്നു. ഇത് പ്രേതങ്ങളുടെ സാങ്കൽപ്പിക രൂപങ്ങൾക്ക് സദൃശ്യമായിരുന്നു അതുകൊണ്ട് ഇവയെ പ്രേത ചിത്രങ്ങൾ എന്ന ഗണത്തിൽപ്പെടുത്തി.



*ലാംബ് ലൈറ്റർ*



*ദി ഗോസ്റ്റ് ഇൻ സ്റ്റീരിയോ സ്കോപ്പ്*

അമേരിക്കൻ മ്യൂസിയം ഓഫ് ഫോട്ടോഗ്രഫിയിലെ  ലാംബ് ലൈറ്റർ, ദി ഗോസ്റ്റ് ഇൻ സ്റ്റീരിയോ സ്കോപ്പ് എന്നിവ ഉദാഹരണങ്ങളാണ്. ഇവ രണ്ടിലും ചിത്രീകരണത്തിന്റെ തുടക്കത്തിൽ ക്യാമറയുടെ ദൃഷ്ടിയിൽ നിന്നും മാറിപ്പോയ രണ്ട് വ്യക്തികളാണ് (ലാബ് ലൈറ്റർ ഫുട്പാത്തിൽ നിൽക്കുന്നയാൾ, ദി ഗോസ്റ്റിൽ സഞ്ചി തൂക്കുന്നയാൾ തെളിയാത്ത പ്രതിബിംബം ഫോട്ടോയിൽ സൃഷ്ടിച്ചത്.

ഫോട്ടോഗ്രാഫിയെ ജനകീയവത്കരിച്ചത് ഡിജിറ്റലൈസേഷനാണ്. ഫോട്ടോ ഇലക്ട്രിക് പ്രഭാവത്തെ കമ്പ്യൂട്ടർ മെമ്മറിയിലാക്കുന്ന സാങ്കേതിക വിദ്യ വിജയിച്ച തോടെ ഫോട്ടോഗ്രാഫിയിലും കളർപ്രിന്റിംഗിലും വൻവിപ്ലവങ്ങളുണ്ടായി. സവിശേ ഷമായ പരിശീലനം ലഭിക്കാത്ത, പ്രഫഷണലല്ലാത്ത സാധാരണക്കാരനുപോലും ഇന്ന് ഫോട്ടോഗ്രാഫി അന്യമല്ല. എടുക്കുന്ന ചിത്രങ്ങൾ ലോകത്തെവിടേക്കും കമ്പ്യൂട്ടർ നെറ്റ് വർക്കിലൂടെ അയച്ചുകൊടുക്കാനും നിമിഷങ്ങൾക്കുള്ളിൽസാധിക്കും. നിരവധി കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, കമ്മ്യൂണിക്കേഷന് പരിധികൾ ഇല്ലാതാക്കി കഴിഞ്ഞു. കഴിഞ്ഞ മൂന്ന് ദശകങ്ങളാണ് ഈ മാറ്റങ്ങൾ കൊണ്ടുവന്നത്. ചിത്രീകര ണത്തിലും പ്രൊജക്ഷനിലും വൻമാറ്റങ്ങളിനിയും ഉണ്ടാക്കുവാനുള്ള ഗവേഷണങ്ങൾ ലോകത്ത് പല ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. അയഥാർത്ഥ ലോകത്തിലും (വിർചൽ വേൾഡ്) ത്രിമാന ജീവിതത്തിലേക്ക് (3D Life) ഈ ഗവേഷണങ്ങൾ നമ്മളെ ആത്യന്തികമായി കൊണ്ടുചെന്നെത്തിക്കും. ഉൺമ ഏത് മിഥ്യ ഏത് എന്ന് തിരിച്ചറി യാനാകാത്ത വിധം നമ്മുടെ ജീവിതങ്ങളെ അതിനൂതന സാങ്കേതിക വിദ്യകൾ പരു വപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അയഥാർത്ഥലോകത്തിൽ പോലും പഞ്ചേന്ദ്രിയങ്ങ ളെയെല്ലാം ഉത്തേജിപ്പിക്കുന്ന ഊർജ്ജപ്രവാഹമായി അവ നമ്മേ പ്രലോഭിപ്പിച്ചുകൊ ണ്ടിരിക്കുന്നു.

*നിഴലുകളുടെയും നിറങ്ങളുടെയും ലോകം അവസാനിക്കുന്നില്ല........*